# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
സെപ്തംബർ 24, 2018 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## ജി.എസ്.ടി.- ടി.ഡി.എസ്/ടി.സി.എസ് ബാദ്ധ്യത ഒക്ടോബർ ഒന്ന് മുതൽ.

തിരുവനന്തപുരം: ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 51, 52 പ്രകാരം ടി.ഡി.എസ്/ടി.സി.എസ് എന്നിവ ഈടാക്കുന്നത് ഒക്ടോബർ ഒന്നിന് പ്രാബല്യത്തിൽ വരുമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.

വകുപ്പ് നിലവിൽ വരുന്നതോടെ രണ്ടര ലക്ഷത്തിന് മുകളിൽ മൂല്യമുള്ള സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങൾ 1% എസ്.ജി.എസ്.ടി യും 1% സി.ജി.എസ്.ടി യും ചേർത്ത് 2 % ജി.എസ്.ടി. സ്രോതസ്സിൽ ഈടാക്കണം..

ടി.ഡി.എസ്. ബാധ്യതയുള്ള സ്ഥാപനങ്ങൾ ഇനി പറയുന്നവയാണ്

1) കേന്ദ്ര , സംസ്ഥാന സർക്കാർ വകുപ്പുകൾ

2)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

3)സർക്കാർ എജൻസികൾ, കേന്ദ്ര/ സംസ്ഥാന സർക്കാരുകൾക്ക് 51 ശതമനത്തിൽ അധികം ഓഹരി പങ്കാളിത്തത്തോടെ/ നിയന്ത്രണത്തത്തോടെ രൂപീകരിച്ചിട്ടുള്ള അതോറിറ്റികൾ, ബോർഡുകൾ, കമ്പനികൾ

4) 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകരം സംസ്ഥാന സർക്കാർ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ച സൊസൈറ്റികൾ.

ജി.എസ്.ടി നിയമം നിലവിൽ വന്നപ്പോൾ മുതൽ ഉള്ള വകുപ്പുകൾ ആണെങ്കിലും ഒക്ടോബർ ഒന്ന് മുതൽ പ്രാബല്യം നൽകികൊണ്ടുള്ള 50/2018 വിജ്ഞാപനം പുറപ്പെടുവിച്ചത് സെപ്തംബർ 13 നാണ്. ഇതോടെ ഒക്ടോബർ ഒന്നിന് ശേഷം നടത്തുന്ന ഇടപാടുകൾക്ക് സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,

പൊതുമേഖലാ സ്ഥാപനങ്ങൾ സൊസൈറ്റികൾ എന്നിവർ ടീ.ഡി.എസ് പിടിച്ച് സർക്കാരിലേക്ക് അടയ്ക്കാൻ ബാദ്ധ്യസ്ഥരാകും.

ഒക്ടോബർ ഒന്ന് മുതൽ ഇ–കോമേഴ്സ് ഓപ്പറേറ്ററൻമാർ നടത്തുന്ന ഇടപാടുകൾക്ക് 1% ജി.എസ്.ടി സ്രോതസ്സിൽ തന്നെ പിടിച്ച് സർക്കാരിലേക്ക് അടയ്ക്കുന്നത് നിർബന്ധമാക്കികൊണ്ടുള്ള 51/2018 വിജ്ഞാപനവും പുറപ്പേടുവിച്ചിട്ടൂണ്ട് .